LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ

174 (5879) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. എം. മോനായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ആലപ്പുഴ ജില്ലയിലെ നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി മൂന്ന് പതിറ്റാണ്ടിന് മുമ്പ് ആരംഭിച്ച ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡ് നിർമ്മാണം പാതിവഴിയിൽ നിന്നുപോയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ നഗരത്തിൽ ഏതെല്ലാം റോഡുകളുടെയും ജംഗ്ഷനുകളുടെയും വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത് ;

(എഫ്) ആലപ്പുഴ പട്ടണത്തിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന സമാന്തര റോഡുകളുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലുള്ള അമിതമായ പെരുപ്പവും റോഡിന്റെ വീതിക്കുറവും വാഹനങ്ങൾ ഓടിക്കുന്നവരുടെ അശ്രദ്ധമൂലവുമാണ് ഗതാഗത പ്രശ്നമുണ്ടാകുന്നത്.

(സി & ഡി) ബൈപ്പാസിലെ രണ്ട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണമൊഴികെയുള്ള പണി പൂർത്തിയായിട്ടുണ്ട്. പോർട്ടിന്റെ സ്ഥലം കൂടി കൈമാറി കിട്ടുവാനുണ്ടായിരുന്നു. എന്നാൽ ആ ഭാഗം ഈയിടെ വിട്ടുകിട്ടിയതിനെ തുടർന്ന് റോഡ് ടാർ ചെയ്തിട്ടുണ്ട്. റെയിൽവേ മേൽപ്പാലങ്ങളുടെ പണിയും ദേശീയപാത അതോറിറ്റി ആണ് നടത്തേണ്ടത്.

(ഇ) ആലപ്പുഴ ദേശീയപാതയിലെ ആലപ്പുഴ നഗരത്തിലെ ചങ്ങനാശ്ശേരി ജംഗ്ഷൻ വികസനത്തിനായുള്ള പ്രോജക്ട് അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

താഴെ വിവരിക്കുന്ന റോഡുകളുടെയും ജംഗ്ഷനുകളുടേയും വികസനവും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

1. സി.സി.എസ്.ബി.
2. സി.സി.എൻ.ബി.
3. സിറിയൻ ചർച്ച് റോഡ്.
4. അമ്പലപ്പുഴ ബ്രാഞ്ച് റോഡ്.
5. വഴിച്ചേരി റോഡ്.
6. തിരുവമ്പാടി ജംഗ്ഷൻ - കോൺവന്റ് സ്കൂയർ ജംഗ്ഷൻ (വലിയകുളം വഴി).
7. വലിയകുളം ജംഗ്ഷൻ റോഡ്.
8. മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കളക്ടറേറ്റ് ജംഗ്ഷൻ വരെ.
9. ഡബ്ല്യു.സി.എൻ.ബി.
10. ആലപ്പുഴ - തണ്ണീർമുക്കം റോഡ്.

(എഫ്) ആർ.ഒ.ബി.കളുടെ നിർമ്മാണം വൈകുന്നതിനാൽ ആലപ്പുഴ ബൈപ്പാസിന്റെ പൂർത്തീകരണം അനന്തമായി നീളുകയാണ്. അതിനാൽ NH ബൈപ്പാസിന് സമാന്തരമായി റെയിൽവേ ലൈനിന്റെ കിഴക്കുവശത്തുകൂടി മാളികമുക്കിന് സമീപമുള്ള ഗാന്ധി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് കുതിരപ്പന്തിയിലെത്തുന്ന 5.5 കി.മീ. നീളമുള്ള ഒരു സമാന്തര പാതയുടെ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എൻ.എച്ച്. 47-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

175 (5880) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്.47-ന്റെ വികസനവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഇന്ന് നിലവിലുള്ള ക്രോസ്സ് ട്രാഫിക് അടഞ്ഞുപോകുമെന്നും അതിലൂടെ ഉള്ള ഗതാഗതം ഇല്ലാതാകുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുവാൻ ചാലക്കുടി കോടതി ജംഗ്ഷനിൽ സിഗ്നൽ സിസ്റ്റം അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly